ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുള്ളത് തിരുവനന്തപുരത്ത് ഒരു സ്ഥലത്തും ഇടുക്കിയിൽ വേറൊരു സ്ഥലത്തുമാണ് സാമ്പിൾ സർവ്വേ നടത്തിയിട്ടുള്ളതെന്നാണ്. ഈ 16 കോടി തൈകൾ വിതരണം ചെയ്തിട്ടുള്ള കേരളത്തിലൊട്ടാകെയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തിയിട്ടില്ല. സംസ്ഥാന തലത്തിൽ സാമൂഹ്യസംഘടനാ തലവന്മാർ ഉൾക്കൊള്ളുന്ന ഒരു സോഷ്യൽ ഫോറസ്ട്രറി കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി നേരിട്ട് അടുത്തവർഷം ഈ തൈകളുടെ അതിജീവന ശതമാനം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ഒരു പ്രത്യേക ഏജൻസിയെ വച്ച് സംസ്ഥാനത്തൊട്ടാകെ വിപുലമായ തോതിൽ പരിശോധന നടത്താനും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. അനുമോദനം

മി. സ്പീക്കർ : ഭാരതീയ സാഹിത്യപുരസ്കാരങ്ങളിൽ ഏറ്റവും ഉന്നതമായ ജ്ഞാനപീഠം അവാർഡ് നമ്മുടെ അഭിമാനസ്തംഭമായ ശ്രീ. പി. തകഴി ശിവശങ്കരപ്പിള്ളക്ക് ലഭിച്ചതിൽ കേരളീയരായ നാമെല്ലാം ആഹ്ലാദപുളകിതരായി കഴിയുകയാണല്ലോ. മഹാകവി ജി. ശങ്കരക്കുറുപ്പിനും ശ്രീ. എസ്. കെ. പൊറ്റക്കാടിനും ശേഷം മൂന്നാമതായി ഈ അപൂർവ്വ ബഹുമതി ലഭിക്കുന്ന കേരളീയനാണ് അതുല്യ പ്രതിഭാശാലിയായ ശ്രീ. തകഴി. 'ചെമ്മീൻ' എന്ന നോവലിലൂടെ വിശ്വസാഹിത്യ നഭോമണ്ഡലത്തിൽ ചിരപ്രതിഷ്ഠ നേടിയ ശ്രീ. തകഴി 'രണ്ടിടങ്ങഴി', 'കയർ' എന്നിങ്ങനെ നിരവധി നോവലുകളും എണ്ണമറ്റ ചെറുകഥകളും രചിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ അപൂർവ്വ സംഭാവനകളെ വിലയിരുത്തി അദ്ദേഹത്തിന് പദ്മഭൂഷൻ അവാർഡും 'കയർ' എന്ന നോവലിന് വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്. അത്യുന്നതമായ ഈ ബഹുമതി അദ്ദേഹത്തിന് ലഭിച്ചതിൽ സഭക്കുള്ള അനുമോദനങ്ങൾ നമുക്കിവിടെ രേഖപ്പെടുത്താം.

(സഭ അനുമോദനം രേഖപ്പെടുത്തി.)

III. അടിയന്തിരപ്രമേയം

വിദ്യാർത്ഥികളുടെ നേർക്കുള്ള ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ : 28-7-1985-ന് കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റി പരിസരത്ത് വച്ച് വിദ്യാർത്ഥികൾക്കെതിരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജും വിദ്യാർത്ഥി വിഭാഗങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് നടത്തിയ തല്ലിനേയും തുടർന്ന് ഇന്ന് സംസ്ഥാനവ്യാപകമായി പഠിപ്പുമുടക്ക് ആഹ്വാനം ചെയ്തതിനെയും തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ നിർത്തിവയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. എ. സി. ഷൺമുഖദാസ്, എം. വി. രാഘവൻ, കെ. പി. പ്രഭാകരൻ, എ. വി. താമരാക്ഷൻ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ഹംസ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഇന്നലെ യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പായിരുന്നു. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംഘട്ടനം ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ പോലീസ് കൈക്കൊണ്ടിരുന്നു. പുറത്തുള്ളവരെ ഒഴിവാക്കാനും വോട്ടവകാശമുള്ളവരെ മാത്രം അകത്തേയ്ക്ക് കടത്തിവിടാനുമുള്ള ക്രമീകരണങ്ങൾ ഇതിലുണ്ടായിരുന്നു. പോലീസിന്റെ കരുതൽ നടപടിമൂലം സംഘർഷം ലഘൂകരിക്കാനും തെരഞ്ഞെടുപ്പു നടത്താനും സാധിച്ചു. ഫലപ്രഖ്യാപനത്തിനുശേഷം വിവിധ സംഘടനകളിൽപ്പെട്ടവർ ജാഥയായി പുറത്തേക്ക് പോയി. എന്നാൽ എസ്. എഫ്. ഐ. യുടെ ജാഥ പുറത്തേക്ക് വരുമ്പോൾ യൂണിവേഴ്സിറ്റിയുടെ പുറത്തെ ഗേറ്റിനു മുമ്പിൽ പിക്കറ്റു നടത്തിയിരുന്ന കെ. എസ്. യു. പ്രവർത്തകരുമായി സംഘർഷം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഇരുകൂട്ടരോടും പിരിഞ്ഞുപോകാൻ പോലീസ് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പോലീസിനു നേരെ കല്ലേറുണ്ടായതിനെത്തുടർന്ന് പോലീസ് ഇരുകൂട്ടരെയും വിരട്ടിയോടിച്ചു. ആറു പോലീസുകാർക്ക് പരിക്കുപറ്റി ആശുപത്രിയിലായിട്ടുണ്ട്. എസ്. എഫ്. ഐ. വിഭാഗത്തിൽപ്പെട്ട മൂന്നുപേരും കെ. എസ്. യു. വിഭാഗത്തിൽപ്പെട്ട നാലുപേരും ഇപ്പോൾ ആശുപത്രിയിലുണ്ട്. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഇപ്പോൾ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പ്രത്യേകമായ സംഘർഷസ്ഥിതി അവിടെയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇപ്പോൾ ഇവിടെ വിശദീകരിച്ചത് ഇന്നലെ നടന്ന സംഭവവുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ല. ഇന്നലെ യഥാർത്ഥത്തിൽ എം. എൽ. എ. ക്വാർട്ടേഴ്സിന്റെ പരിസരം മുതൽ യൂണിവേഴ്സിറ്റിവരെയുള്ള ആശാൻ സ്മാരകത്തിന്റെ ചുറ്റുഭാഗം എട്ട് പത്ത് മണിക്കൂർ ഒരു ഭരണമില്ലാത്ത അവസ്ഥ തന്നെയായിരുന്നു. എനിക്ക് അത്ഭുതം തോന്നുന്നു. എം. എൽ. എ. ക്വാർട്ടേഴ്സിനുമുമ്പിൽ ഇവിടെയുള്ള മുഴുവൻ പത്രപ്രതിനിധികളും കാൺകെ ധാരാളം ആളുകളെ സാക്ഷിയാക്കികൊണ്ട് കെ. എസ്. യു. (ഐ)-ലെ ഇരുവിഭാഗങ്ങൾ തമ്മിൽ ക്രൂരമായ സംഘട്ടനമാണ് അവിടെ നടന്നത്. ആ സംഘട്ടനത്തെത്തുടർന്ന് വൈകുന്നേരം 20-ഓളം കെ. എസ്. യു. (ഐ) ക്കാർ ഈ കന്റോൺമെന്റു സ്റ്റേഷന്റെ വരാന്തയിൽ കയറാൻ വരെ ശ്രമം നടത്തി. അതിനെക്കുറിച്ച് അതിന്റെ ഗൗരവം മനസ്സിലാക്കിയിട്ട് കളക്ടറോട് അന്വേഷണത്തിന് ഉത്തരവിടാൻ പറഞ്ഞു ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി. അദ്ദേഹം സംഭവങ്ങൾ പൂർണ്ണമായും വളച്ചൊടിച്ച് സത്യം മറച്ചുവച്ച് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചിരിക്കുകയാണ്. ഇത് യാദൃശ്ചികമായി വിദ്യാർത്ഥികൾ തമ്മിൽ നടന്ന ഒരു സംഭവം ആയിരുന്നെങ്കിൽ ഞാൻ ഒരു അടിയന്തിരപ്രമേയവുമായി വരുമായിരുന്നില്ല. യാദൃശ്ചികമായി സംഭവിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യമല്ല. കഴിഞ്ഞ കുറെ ആഴ്ചകളായി വിദ്യാർത്ഥിരംഗത്ത് പ്രവർത്തിക്കുന്ന കെ. എസ്. യു. (ഐ) വിനെ സംബന്ധിച്ചിടത്തോളം അതിലെ 'എ', 'ഐ' വിഭാഗം-മുൻപ്രസിഡന്റ് ശ്രീ. പി. ടി. തോമസിന്റെ നേതൃത്വത്തിലുള്ള ഒരു വിഭാഗവും ശ്രീ. പി. ടി. തോമസിനെ മാറ്റി കോൺഗ്രസ് (ഐ) യുടെ ശ്രീ. ശരശ്ചന്ദ്രപ്രസാദിന്റെ നേതൃത്വത്തിലുള്ള മറ്റൊരു വിഭാഗവും തമ്മിൽ കേരളത്തിലെ എല്ലാ ഭാഗത്തും സംഘട്ടനം നടക്കുകയാണ്.

ഇന്നലെ യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പായിരുന്നു. ആ തെരഞ്ഞെടുപ്പിൽ കെ. എസ്. യു. (ഐ)-ലെ 'എ' വിഭാഗവും 'ഐ' വിഭാഗവും രണ്ട് പാനലായി മൽസരിച്ചു. മിനിഞ്ഞാന്ന് വൈകുന്നേരം മുതൽ രണ്ട് വിഭാഗം ആളുകളും വോട്ടർമാരെ ചാക്കിട്ട് പിടിക്കാനും ഭീഷണിപ്പെടുത്താനുമുള്ള ശ്രമത്തിലായിരുന്നു. ഐഡന്റിറ്റി കാർഡുണ്ടെങ്കിലെ വോട്ടർമാർക്ക് വോട്ട് ചെയ്യാൻ സാധിക്കുകയുള്ളു. ബലമായി ഐഡന്റിറ്റി കാർഡ് പിടിച്ചെടുക്കാനുള്ള ഒരു ശ്രമം നടന്നു. റൗഡികളെ കൊണ്ടുവന്ന് ഐഡന്റിറ്റി കാർഡുകൾ വോട്ടർമാരിൽനിന്നും പിടിച്ചെടുക്കുകയാണുണ്ടായത്. അങ്ങനെ തെരഞ്ഞെടുപ്പു നടത്തുക എന്നുള്ള ഒരു തന്ത്രമായിരുന്നു ഇരുവിഭാഗക്കാരും നടത്തിയിരുന്നത്. അതിന്റെ ഭാഗമായി, എനിക്ക് ഇവിടെ പറയാൻ ഖേദമുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ കീഴിലുള്ള എം. എൽ. എ. ക്വാർട്ടേഴ്സിൽ ശ്രീ. കാർത്തികേയന്റെ മുറിയിൽ അഞ്ചൽ സെന്റ് ജോസഫ് കോളേജിലെ ഒരു കൗൺസിലറെ കൊണ്ടുപോവുകയും അദ്ദേഹത്തിന്റെ ഐഡന്റിറ്റി കാർഡ് ബലമായി പിടിച്ച് വാങ്ങുന്നതിനുള്ള ഒരു ശ്രമവും നടത്തുകയുണ്ടായി. അതിനെത്തുടർന്ന് അവിടെയുണ്ടായിരുന്ന മാർഷൽ ഇടപെടുകയുണ്ടായി. കെ. എസ്. യു. (ഐ) ലുള്ള ഒരു വിഭാഗം പോലീസ് മന്ത്രിക്കെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിലേക്ക് പോയിരുന്നത്. നാലഞ്ചുതവണ അന്യോന്യമുള്ള മുദ്രാവാക്യം വിളികളുണ്ടായി. ആ മുദ്രാവാക്യങ്ങൾ കേട്ടാൽ, പോലീസിനെ സംബന്ധിച്ചിടത്തോളം സംഘർഷത്തിന്റെ അന്തരീഷമുണ്ട് ഇടപെട്ടില്ലെങ്കിൽ കുഴപ്പമാണ് എന്ന് മനസ്സിലാക്കിയിട്ടുപോലും ആ മുദ്രാവാക്യത്തിന്റെ ഫലമായി അവർക്ക് ഇടപെടാൻ കഴിഞ്ഞില്ല. ഒരു വിഭാഗം വിളിച്ചത് വയലാർ രവി നേതാവെയെന്നും വയലാർ രവിക്ക് സിന്ദാബാദുമാണ്. അതേസമയം മറുവിഭാഗം വിളിച്ചത് മുഖ്യമന്ത്രിക്ക് സിന്ദാബാദാണ്. ഇങ്ങനെ മുഖ്യമന്ത്രിക്ക് സിന്ദാബാദ് വിളിക്കുന്ന വിഭാഗവും ആഭ്യന്തരമന്ത്രിക്ക് സിന്ദാബാദ് വിളിക്കുന്ന വിഭാഗവും തമ്മിൽ ഏറ്റുമുട്ടലുണ്ടായപ്പോൾ അതുകണ്ട് ഇവിടത്തെ പോലീസ് അറച്ച് നില്ക്കുകയാണുണ്ടായത്. അങ്ങനെ അറച്ച് നിന്നതിന്റെ ഫലമായാണ് ഇവിടെ സംഘർഷമുണ്ടായത്. എം. എൽ. എ. ഹോസ്റ്റലിന്റെ നടുക്കുള്ള ഗേറ്റിനടുത്ത് ഒരു ചെറിയ കടയുണ്ട്. ഞാൻ ഇന്ന് പോയി അന്വേഷിച്ചതാണ്, 11 സോഡാക്കുപ്പികളുമെടുത്തുകൊണ്ടാണ് കെ. എസ്. യു. (ഐ) യുടെ ഭാരവാഹികളുടെ നേതൃത്വത്തിൽ പോലീസിനെതിരായി കല്ലേറുണ്ടായതെന്ന് ആ കടക്കാരൻ പറയുകയുണ്ടായി. എം. എൽ. എ. ഹോസ്റ്റലിന്റെ മുമ്പിൽ ഇപ്പോൾ പോയാൽ കാണാൻ കഴിയും ആ പരിസരപ്രദേശം മുഴുവൻ സോഡാക്കുപ്പിയുടെ കഷ്ണങ്ങൾകൊണ്ട് നിറഞ്ഞുകിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശരശ്ചന്ദ്രപ്രസാദ് എന്ന് പറയുന്നത് കെ. എസ്. യു. (ഐ) യെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ കഴിഞ്ഞ കാലത്തുള്ള ക്രിമിനൽ സ്വഭാവത്തിലുള്ള പ്രവർത്തനത്തെപ്പറ്റി ഞാനിവിടെ വിശദീകരിക്കുന്നില്ല; ഈ രാജ്യത്തെ വിദ്യാർത്ഥി വർഗ്ഗത്തിന് അപമാനകരമാണ്. എ. കെ. ജി. സെന്റർ കൈയ്യേറിയതിനെ സംബന്ധിച്ച് ശ്രീ. പത്മരാജൻ ശ്രീ. ശരശ്ചന്ദ്രപ്രസാദിനെ പാർട്ടിയിൽനിന്ന് പുറത്താക്കണമെന്ന നിർദ്ദേശം കെ. എസ്. യു. വിന്റെ മുൻപ്രസിഡന്റിന് കൊടുത്തിരുന്നു. ശ്രീ. പി. ടി. തോമസ് ശരശ്ചന്ദ്രപ്രസാദിനെ പാർട്ടിയിൽനിന്നും പുറത്താക്കി. ആ ശരശ്ചന്ദ്ര പ്രസാദ് പിന്നീട് കെ. എസ്. യു. പ്രസിഡന്റായിട്ട് വരുന്നത് ശ്രീ. പത്മരാജൻ അറിയാതെയാണ്. അതുകൊണ്ട് തന്നെയാണ് ശ്രീ. പത്മരാജൻ കഴിഞ്ഞ ഒരു മാസക്കാലമായി ഈ നിയമസഭയിലുണ്ടായിട്ടും മറുപടിപറയാൻപോലും സന്നദ്ധനാകാതെ പോയത്.

സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇന്ന് സംസ്ഥാന വ്യാപകമായി പഠിപ്പുമുടക്കുകയാണ്. ആഭ്യന്തരമന്ത്രിയെ സംബന്ധിച്ചിടത്തോളം.....(ബഹളം).....

മിസ്റ്റർ സ്പീക്കർ: ദയവായി ഇത്തരം കാര്യങ്ങൾ വരുമ്പോൾ ആരും വികാരം കൊള്ളേണ്ട കാര്യമില്ല. സഭയ്ക്ക് അതിന് നടപടിക്രമങ്ങളുണ്ട്. അത് മന്ത്രി പറയുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. കാർത്തികേയനെപ്പറ്റി പറഞ്ഞിട്ടുണ്ടെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷന് അദ്ദേഹത്തെ വിളിക്കുന്നതാണ്. ദയവായി എല്ലാവരും സഭാ നടപടികൾ നിയന്ത്രിക്കാൻ സഹായിക്കേണ്ടതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, തെരഞ്ഞെടുപ്പ് റിസൽട്ട് വന്നപ്പോൾ ഔദ്യോഗിക കക്ഷിക്ക് രണ്ടും അനൗദ്യോഗിക കക്ഷിക്ക് രണ്ടും ഇന്ദിരാകോൺഗ്രസിലെ 'എ' വിഭാഗത്തിന് മൂന്നും ഇന്ദിരാകോൺഗ്രസിന് രണ്ടും കിട്ടി. തെരഞ്ഞെടുപ്പു പരാജയമുണ്ടായപ്പോൾ അത് മറച്ച് വയ്ക്കുന്നതിനുവേണ്ടി എസ്. എഫ്. ഐ. വിഭാഗവുമായി ഏറ്റുമുട്ടുന്നതിനുള്ള ഒരു മനഃപൂർവ്വശ്രമം നടത്തി. എം. എൽ. എ. ക്വാർട്ടേഴ്സിന്റെ പരിസരത്ത് വച്ച് സോഡാകുപ്പികൾ എടുത്തെറിയുകയുണ്ടായി. ഇന്നലെ രാത്രി വീണ്ടും എം. എൽ. എ. ക്വാർട്ടേഴ്സിന്റെ പരിസരത്ത് ഒരു പന്തംകൊളുത്തി പ്രകടനവുമായി വന്നു. ആ പന്തംകൊളുത്തി പ്രകടനത്തിലെ മുദ്രാവാക്യമെന്താണെന്ന് അറിയാമായിരുന്നോ? "വയലാർ രവി മുട്ടാളാ നിന്റെ ആശകൾ നടക്കില്ല". എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് കോൺഗ്രസ് (ഐ) ക്കാർ വന്നത്. അവർ തമ്മിൽ ഗ്രൂപ്പ് വഴക്ക് നടക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. ആശയപരമായ അഭിപ്രായവ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്. പക്ഷേ അത് പെരുവഴിയിലെത്തിക്കുക, ആ തമ്മിൽത്തല്ല് മൂർച്ഛിക്കുക, എന്നിട്ട് ആ കുറ്റാരോപണം മറ്റ് വിദ്യാർത്ഥി സംഘടനകളിൽ കെട്ടിയേല്പിക്കുന്ന ഗൂഢാലോചന നടത്തുക, അതുകണ്ട് പോലീസ് നിസ്സഹായമാവുക ഇതാണ് ഇവിടെ നടക്കുന്നത്. ഈ കന്റോൺമെന്റു സ്റ്റേഷനിൽ നിരവധി വിദ്യാർത്ഥികൾ അവിടത്തെ വരാന്തയിൽ കയറിനിന്ന് പരസ്പരം വഴക്കടിക്കുകയുണ്ടായി. ഈ കളിയുടെ ഫലം കേരളത്തിലെ പോലീസിനെ സംബന്ധിച്ചിടത്തോളം രണ്ട് ചേരിയാക്കും. ഇതിന്റെ ഫലമായി ഇന്ന് കേരള വ്യാപകമായി വിദ്യാർത്ഥികൾ സമരാഹ്വാനം നടത്തിയിരിക്കുകയാണ്. ഇന്ന് കേരളം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

സംഘർഷാവസ്ഥ നിലനില്ക്കുന്നു. ഇതിനെക്കുറിച്ച് ഈ സമ്മേളനത്തിൽ ചർച്ച ചെയ്തില്ലെങ്കിൽ ഇവിടത്തെ പോലീസ് വകുപ്പു രണ്ടായി മാറും. കേരള വ്യാപകമായി സംഘർഷം ഉണ്ടാകും. ആ സംഘർഷത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ സാധിക്കാത്ത സാഹചര്യം മറ്റ് വിദ്യാർത്ഥി സംഘടനകൾക്കുമുണ്ടാകും. അതുകൊണ്ട് സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക്, അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടുന്നതുവരെ അവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് മറ്റൊരു.....(ബഹളം) ..... ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞിട്ടുള്ള മറ്റു കാര്യങ്ങൾ അതിനോട് ബന്ധപ്പെട്ട രാഷ്ട്രീയമായ കാര്യങ്ങളാണ്. അത് ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണോയെന്ന് എനിക്കറിയില്ല. ഏതായാലും ഒരു കാര്യം അദ്ദേഹത്തെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിൽ (ഐ)യും (എ)യുമെന്ന തർക്കമില്ല.....(ബഹളം).....കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരു പാർട്ടിയായി പ്രവർത്തിക്കുന്ന സംഘടനയാണ് അത്. ഇത്തരത്തിലുള്ള യാതൊരുവിധ തർക്കങ്ങളും ഇതിനെ ബാധിച്ചിട്ടില്ല. അതുകൊണ്ട് ആ പ്രശ്നം ഇവിടെ കൊണ്ടുവരേണ്ട കാര്യമില്ല.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, ഒരു പൊതു പ്രവർത്തകൻ എന്നുള്ള നിലയിൽ എന്റെ റൂമിൽ വിവിധ തരത്തിലുള്ള ആളുകൾ വരാറുണ്ട്. കെ. എസ്. യു. ക്കാരും എസ്. എഫ്. ഐ. ക്കാരും ശ്രീ. ഷൺമുഖദാസിന്റെ കോൺഗ്രസ്സ് (എസ്)-ൽ പെട്ടവരും എന്റെ റൂമിൽ വരാറുണ്ട്. ശ്രീ. ഷൺമുഖദാസ് പറഞ്ഞത് കള്ളവും അടിസ്ഥാനരഹിതവുമാണ്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം റയിൽവേ ലൈനുകളുടെ നിർമ്മാണത്തിൽ ഉണ്ടായതായി പറയപ്പെടുന്ന സ്തംഭനാവസ്ഥ

ശ്രീ. എ. വി. താമരാക്ഷൻ : സർ, ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം എന്നീ തീരദേശ റെയിൽവേകൾക്ക് ഈ സാമ്പത്തിക വർഷത്തിൽ ആവശ്യമായ പണം ലഭിക്കാത്തതിന്റെ ഫലമായി ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ഈ സഭയുടെയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ആലപ്പുഴയിൽ നിന്നുള്ള എം. പി. യായിരുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly